## സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗിന് തുടക്കം

കൊച്ചി: ബോളിവുഡ് നടനും സൂപ്പർ ക്രോസ് ആരാധകനുമായ അർജുൻ കപൂർ ഫെഡറേഷൻ ഓഫ് മോട്ടോർ സ്പോർട്സ് ക്ലബ്സ് ഓഫ് ഇന്ത്യയുമായി (എഫ്എംഎസ്സിഐ) സഹകരിച്ച് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗിന് തുടക്കം കുറിച്ചു.

വിവിധ ഫോർമാറ്റുകളിലും വിഭാഗങ്ങളിലും മത്സരിക്കാൻ ലോകമെമ്പാടുമുള്ള റൈഡർമാരെ ഒരുമിച്ച് കൊണ്ടുവരുന്ന ആദ്യത്തെ ഫ്രാഞ്ചൈസി അടിസ്ഥാനമാക്കിയുള്ള സൂപ്പർക്രോസ് റേസിംഗ് ലീഗാണ് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗ് (ഐഎസ്ആർഎൽ).

അടുത്ത ഒക്ടോബറിൽ ഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന ഉദ്ഘാടനത്തോടെ സീസൺ ആരംഭിക്കും. തുടർന്ന് മുംബൈ, പൂന, അഹമ്മദാബാദ് തുടങ്ങിയ മെട്രോ നഗരങ്ങളിൽ ആവേശകരമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒക്ടോബർ– ഡിസംബർ കാലയളവിൽ ഈ നഗരങ്ങളിലെ മോട്ടോർ സ്പോർടസ് പ്രേ മികൾക്ക് സൂപ്പർ റേസിംഗിനെ തന്നെ പുനർനിർവചിക്കുന്ന മോട്ടോർ സ്പോർട്സ് നൈപുണ്യവും അതിസാഹസിക പ്രകടനങ്ങളും ദർശിക്കാനാകും.

ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗിന്റെ (ഐഎസ്ആർഎൽ) ടൈറ്റിൽ സ്പോൺ സറാണ് സീയറ്റ്. ടൊയോട്ട ഹൈലക്സ് ആണ് ഔദ്യോഗിക വാഹന പങ്കാളി.

അതിരുകളില്ലാത്ത സാഹസികതയിലൂടെ മോട്ടോർ സ്പോർട്സ് പ്രേമികളുടെ ഹൃദ യം കവരുകയാണ് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലക്ഷ്യമിടുന്നതെന്ന് സൂ പ്പർക്രോസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സഹസ്ഥാപകനും ഡയറക്ടറുമായ ഇഷാൻ ലോഖണ്ഡേ പറഞ്ഞു. ഇന്ത്യൻ മോട്ടോർ സ്പോർട്സിന്റേയും ഓട്ടൊമൊബൈൽ വ്യ വസായത്തിന്റേയും ചരിത്രത്തിലെ സുപ്രധാനസംഭവ വികാസമാണ് സിഐഎ സ്ആർഎൽ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യുവറൈഡർമാർക്ക് ഉയർന്നുവരു വാനും രാജ്യാന്തര റൈഡർമാരുമായിച്ചേർന്ന് അവരുടെ പ്രതിഭ വളർത്തിയെടു ക്കാനും സ്പോൺസർമാരേയും വാഹനനിർമാതക്കളേയും ആകർഷിക്കുവാനുമുള്ള പ്ലാറ്റ്ഫോം ലഭ്യമാക്കുകയാണ് ഈ ലീഗിന്റെ ലക്ഷ്യമെന്ന് ലോഖണ്ഡേ പറഞ്ഞു. വാഹന നിർമാതാക്കൾക്ക് അവരുടെ ഭാവി ഉത്പന്നങ്ങളും നവീന സാങ്കേതികവിദ്യ കളും പ്രദർശിപ്പിക്കാനുള്ള അവസരം കൂടിയാണ് ലീഗ് ഒരുക്കുന്നതെന്ന് അദ്ദേഹം പ റഞ്ഞു.

ആഗോള മോട്ടോർ സ്പോർട്സ് പ്രതിഭകളെ രാജ്യത്തേക്ക് ആകർഷിക്കുവാനും അതുവഴി യുവപ്രതിഭകളെ ഇവിടെ വളർത്തിയെടുക്കുവാനും ഈ ലീഗ് വഴിയൊരുക്കുമെന്ന് എഫ്എംഎസ്സിഐ പ്രസിഡന്റ് അക്ബർ ഇബ്രാഹിം പറഞ്ഞു. രാജ്യത്തൊരു മോട്ടോർ സ്പോർട്ട് സംസ്കാരം വളർന്നുവരുവാനും ഈ ലീഗ് ഉപകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ആവേശകരമായ ആദ്യത്തെ ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗിൽ പങ്കാളികളാകാൻ സാധിച്ചതിൽ അതിയായ സന്തോഷവും ആവേശവുമുണ്ടെന്ന് സിയറ്റ് ലിമിറ്റഡ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ ബി. ലക്ഷ്മിനാരായണനും ടൊയോട്ട കിർലോസ്കർ മോട്ടോർ സെയിൽസ് ആൻഡ് സ്ട്രാറ്റജിക് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് അതുൽ സൂദും പറഞ്ഞു

**About CEAT INDIAN SUPERCROSS RACING LEAGUE:**

CEAT Indian Supercross Racing League (CISRL) is the world's first franchised-based Supercross league, a groundbreaking initiative that is set to revolutionize the way sports are perceived in India. It is here to create a global extravaganza, an awe-inspiring spectacle that will captivate Indian spectators like never before. CISRL have signed up with athletes around the world to compete in a variety of formats and categories, pushing the limits of their skills and inspiring the Indian riders to reach new heights. Prepare to be amazed as our stage performers break records of charismatic engagement, adding an extra layer of excitement to this premier motorsport event. The league is committed to providing a safe and competitive environment for riders of all ages and skill levels. The league also believes in giving back to the community and partnering with local organizations to promote youth development and environmental sustainability.

**FOR MEDIA QUERIES AND COMMUNICATIONS:**

Argho Ajay Mukherji: +91 9970829068 | argho.mukherji@adfactorspr.com